# മൂഴിക്കര മാപ്പിള എൽ.പി.സ്കൂൾ

## തലശ്ശേരി സൗത്ത് ഉപജില്ല



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : മൂഴിക്കര മാപ്പിള എൽ.പി.

വില്ലേജ് : കോടിയേരി

വാർഡ് നമ്പർ : 24

മുൻസിപ്പാലിറ്റി : തലശ്ശേരി

വിദ്യാഭ്യാസ ജില്ല : തലശ്ശേരി

ഉപജില്ല : തലശ്ശേരി സൗത്ത്

ജില്ല : കണ്ണൂർ

ഹെഡ്മിസ്ട്രസ്സ് : സരിത. കെ.വി

മൊബൈൽ നമ്പർ : 9497608869

ഇ. മെയിൽ : moozhikkaramopplalp@gmail.com

# ആമുഖം

തലശ്ശേരി നഗരസഭ പരിധിയിൽ വരുന്ന കുഴിക്കരയിൽ 24ാം വാർഡിൽ സ്കൂൾ സ്ഥിതി ചെയ്യുന്നു. പ്രദേശത്തുള്ള മുസ്ലീം-ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയെ ലക്ഷ്യമാക്കി 1900-ൽ ആണ് സ്കൂൾ സ്ഥാപിച്ചത്. ആദ്യ കാലത്ത് മുസ്ലീം കുട്ടികൾ മാത്രമാണ് പ്രവേശനം നേടിയിരുന്നുള്ളതെങ്കിലും പിന്നീട് എല്ലാ മതവിഭാഗത്തിൽപ്പെട്ട കുട്ടികളും അധ്യയനം നടത്തി വരുന്നു.

വിദ്യാർഥികളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യമാക്കി കൊണ്ട് ഉന്നതിലവാരമുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

അധ്യാപക രക്ഷാകർതൃ സമിതി, മാനേജ്മെന്റ്, നഗരസഭ, എസ്.എസ്.കെ. തുടങ്ങിയവയുടെ സഹായ സഹകരണങ്ങളാൽ വിദ്യാലയ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നുണ്ട്.

പഠനപ്രവർത്തനങ്ങളിലെന്ന പോലെ പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ മികവ് പുലർത്തുന്നു. ഉപജില്ല കലാ- കായിക- പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുത്ത് മികച്ച നേട്ടം കൈവരിച്ചു.

പി. കെ. ഇ. ആർ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കൂടാതെ വികസന പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ ഭൂമി ലഭ്യമല്ല.

---

# ലക്ഷ്യങ്ങൾ

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതോടൊപ്പം സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്നുറപ്പാക്കുക, ഓരോ ഘട്ടം പൂർത്തിയാവുമ്പോഴേക്കും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി കുട്ടിയുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ദേശീയതലത്തിലും അന്താരാഷ്ട്ര തലത്തിലും നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക, എല്ലാ കുട്ടികൾക്കും

മലയാളം, ഇംഗ്ലീഷ് ഭാഷകൾ വായിക്കുവാനും, എഴുതുവാനും, സംസാരിക്കുവാനുമുള്ള കഴിവ് ഉറപ്പാക്കൽ ശാസ്ത്രാഭിമുഖ്യം, ഗണിതാഭിരുചി, തുടങ്ങിയവ വളർത്തുക എന്നിവയാണ് വിദ്യാലയം നടത്തുന്ന പ്രവർത്തനങ്ങളിലൂടെ ഊന്നൽ നൽകുന്നത്.

കൃത്യമായ പ്ലാനിങ്ങിലൂടെയും പദ്ധതിരൂപീകരണത്തിലൂടെയും സമയക്രമീകരണത്തിലൂടെയും മേൽപറഞ്ഞ ലക്ഷ്യങ്ങൾ വിദ്യാലയത്തിന് നേടാനാവും.

# അവസ്ഥാ വിശകലനം

## കുട്ടികളുടെ എണ്ണം

| ക്ലാസ് | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| എണ്ണം | B | G | B | G | B | G | B | G |
| | 5 | 6 | 2 | 2 | 1 | 3 | 4 | 4 |
| ആകെ | 11 | | 4 | | 4 | | 8 | |

# ബോധവൽക്കരണ ക്ലാസുകൾ

ആരോഗ്യം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

# മെഡിക്കൽ ക്യാമ്പ്

കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്താൻ മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

# പി.ടി.എ. ശക്തിപ്പെടുത്തൽ

പി.ടി. എ. ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.

## എം.പി.ടി.എ.

കുട്ടികളുടെ എല്ലാവിധ പ്രശ്നങ്ങളും ചർച്ച ചെയ്യാനും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുവാനും ഉച്ചഭക്ഷണം മികച്ച രീതിയിൽ നൽകാനും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും എം.പി.ടി.എ. യുടെ സഹായസഹകരണങ്ങൾ ലഭിക്കുന്നു.

## വിദ്യാരംഗം കലാ-സാഹിത്യവേദി

വളർന്നുവരുന്ന സാഹിത്യപ്രതിഭകളെ പരിപോഷിപ്പിക്കുവാൻ വിദ്യാരംഗം കലാ-സാഹിത്യപ്രവർത്തനങ്ങൾ കൊണ്ട് സാധ്യമാകുന്നുണ്ട്. രണ്ടാഴ്ചകളിലൊരിക്കൽ നടന്നുവരുന്ന ബാലസഭകളിൽ എല്ലാ കുട്ടികളും പങ്കെടുക്കുന്നു.

## ശുചിത്വക്ലബ്ബ്

കുട്ടിയുടെ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളിൽ ശുചിത്വത്തിന് വളരെ പ്രാധാന്യമുണ്ട്. ശുചിത്വപൂർണ്ണവും ശിശുസൗഹൃദവുമായ പഠനാന്തരീക്ഷത്തിൽ മാത്രമേ കുട്ടികളുടെ ആരോഗ്യകരമായ പഠനപ്രവർത്തനങ്ങൾ സാധ്യമാക്കാനാവൂ. ശുചിത്വക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ശുചിത്വബോധമുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## ജാഗ്രതാസമിതി

വിദ്യാർത്ഥികൾക്കുണ്ടാവുന്ന എല്ലാത്തരം പ്രശ്നങ്ങളും അവതരിപ്പിക്കാനും പരിഹാരപ്രവർത്തനങ്ങൾ നടത്താനും പ്രധാന അധ്യാപികയുടെ നേതൃത്വത്തിലുള്ള ജാഗ്രതാസമിതി രൂപീകരിച്ചു.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

## ശക്തി

മികച്ച അധ്യാപകർ

## പരിമിതികൾ

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നമാണ്. പ്രീ-കെ.ഇ.ആർ. കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. വികസന പ്രവർത്തനങ്ങൾ നടത്താനാവശ്യമായ ഭൂമി ലഭ്യമല്ല.

## സാധ്യതകൾ

നല്ല സാമ്പത്തികശേഷിയും സ്ഥല സൗകര്യവുമുള്ള പള്ളിക്കമ്മിറ്റിക്ക് സ്കൂൾ കൈമാറിയാൽ ഭൗതിക-സാഹചര്യം മെച്ചപ്പെടും.

## ഭീഷണി

ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, അടുത്തടുത്തായി സ്കൂളുകൾ നിലവിലുള്ളത് തുടങ്ങിയവ കുട്ടികൾ കുറയാനുണ്ടായ കാരണങ്ങളാണ്. കുട്ടികൾ കുറയുന്നതാണ് സ്കൂൾ നേരിടുന്ന പ്രധാന ഭീഷണി.

# കുട്ടികളുടെ പ്രവേശനനിരക്ക് വർദ്ധിപ്പിക്കൽ

പൊതുവിദ്യാലയങ്ങൾക്ക് എതിരെയുള്ള പ്രചാരണം തടയാൻ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. കുട്ടികളെ അതത് പ്രദേശത്തെ സ്കൂളുകളിൽ തന്നെ ചേർക്കാൻ വേണ്ട തീവ്രമായ പ്രവർത്തനങ്ങൾ

# നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1. വായന മെച്ചപ്പെടുത്തൽ
2. ലേഖനം മെച്ചപ്പെടുത്തൽ
3. 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ
4. ഗണിതം അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
5. ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
6. കലാ-കായിക ആരോഗ്യ പ്രവൃത്തി-പരിചയ ശേഷികൾ കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ

7. പിന്നാക്കം നിൽക്കുന്നവർക്കുള്ള പ്രത്യേക പരിപാടികൾ.

8. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ

9. ലൈബ്രറി വികസനം

## നടപ്പു വർഷത്തിൽ മുൻഗണന നൽകേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഭാഷയിൽ എഴുത്ത്, വായന മെച്ചപ്പെടുത്തൽ

ഉദ്ദേശ്യം : തെറ്റുകൂടാതെയുള്ള എഴുത്ത്, വായന

* എഴുത്തിലേക്ക് നയിക്കാൻ ആവശ്യമായ സന്ദർഭം ഒരുക്കൽ
* തെറ്റ് കൂടാതെ എഴുത്ത്, വായന എന്നിവയുടെ ആവശ്യകതാ ബോധം കുട്ടിയിൽ ഉണ്ടാക്കിയെടുക്കുക.
* അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവ തെറ്റുകൂടാതെ വായിക്കാനും എഴുതാനും പ്രേരിപ്പിക്കൽ
* സ്വന്തമായി വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തിയെടുക്കൽ

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| * മുന്നറിവ് പരിശോധന | ആദ്യത്തെ രണ്ടാഴ്ച | ക്ലാസ് അധ്യാപകർ |
| * അക്ഷരങ്ങൾ പരിചയപ്പെടുത്തൽ പദനിർമ്മാണം | ജൂൺ 20 മുതൽ 30 വരെ | അധ്യാപകർ |
| * ചിത്രങ്ങളുപയോഗിച്ച് പദനിർമ്മാണം | എല്ലാദിവസവും 1 മണിക്കൂർ | ക്ലാസ് അധ്യാപകർ |

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| * പദച്ചങ്ങല നിർമ്മാണം അവതരണം | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ വിദ്യാർത്ഥികൾ |
| * പദസൂര്യൻ | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ വിദ്യാർത്ഥികൾ |
| * പദച്ചാർട്ട് ഉപയോഗിച്ച് ലഘുവാക്യങ്ങൾ നിർമ്മാണം- അവതരണം. | ആഴ്ചയിൽ 1 ദിവസം. | അധ്യാപകർ വിദ്യാർത്ഥികൾ |
| * തെരഞ്ഞെടുത്ത വാക്കുകൾ ഉൾപ്പെട വാക്യങ്ങൾ കണ്ടെത്തി എഴുതൽ വായിച്ച് അവതരണം. | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ വിദ്യാർത്ഥികൾ |
| * ചിത്രവായന | ആഴ്ചയിൽ | വിദ്യാർത്ഥികൾ |
| * ചിത്രങ്ങൾ ഉപയോഗിച്ച് സംഭാഷണം എഴുതൽ - അവതരണം | ആഴ്ചയിൽ | വിദ്യാർത്ഥികൾ |
| * ചിത്രങ്ങൾ ഉപയോഗിച്ച് കഥാവാക്യങ്ങൾ എഴുതൽ. | മാസത്തിൽ 1 ദിവസം | അധ്യാപകർ വിദ്യാർത്ഥികൾ |
| * ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം | ജനുവരി മുതൽ | അധ്യാപകർ വിദ്യാർത്ഥികൾ |

PTA PRESIDENT
Moozhikkara Mappila L.P. School
Moozhikkara (P.O)

SARITHA. K.V
HEADMISTRESS
MOOZHIKKARA MAPPILA L.P. SCHOOL
MOOZHIKKARA (P.O)